**മധുരമായ കുട്ടികളേ - സ്വയം തന്നോട് തന്നെ ദയ കാണിക്കൂ, ബാബ ഏതൊരു ശ്രീമതമാണോ നൽകുന്നത് അത് അനുസരിച്ച് നടക്കൂ, ബാബയുടെ ശ്രീമതമാണ്- കുട്ടികളേ, സമയം നഷ്ടപ്പെടുത്തരുത്, നേരായ കർമ്മം ചെയ്യൂ.**

**ചോദ്യം :-** ആരാണോ ഭാഗ്യശാലി കുട്ടികൾ, അവരുടെ മുഖ്യ ധാരണ എന്താണ് ?
**ഉത്തരം :-** ഭാഗ്യശാലി കുട്ടികൾ അതിരാവിലെ എഴുന്നേററ് ബാബയെ വളരെ സ്നേഹത്തോടെ ഓർമ്മിക്കും. ബാബയോട് മധുര - മധുരമായി സംസാരിക്കും . ഒരിക്കലും സ്വയത്തോട് ദയാശൂന്യരായിരിക്കില്ല . അവർ പാസ് വിത്ത് ഓണറാകുന്നതിനുള്ള പുരുഷാർത്ഥം ചെയ്ത് സ്വയത്തെ രാജപദവിക്ക് യോഗ്യരാകും.

**ഓം ശാന്തി**. കുട്ടികൾ ബാബയുടെ മുന്നിലരിക്കുകയാണ്, അറിയുന്നുണ്ട് അത് നമ്മുടെ പരിധിയില്ലാത്ത അച്ഛനാണ്, പരിധിയില്ലാത്ത സുഖം നൽകുന്നതിന് വേണ്ടി ശ്രീമതം നൽകിക്കൊണ്ടിരിക്കുന്നു. ബാബയുടെ മഹിമ പാടുന്നുണ്ട് - ദയാഹൃദയൻ, മുക്തേശ്വരൻ, ........ വളരെ മഹിമ പാടുന്നു. ബാബ പറയുന്നു കേവലം മഹിമയുടെ കാര്യമൊന്നുമില്ല. കുട്ടികൾക്ക് വഴി കാണിക്കുക ഇത് അച്ഛന്റെ കടമയാണ്. പരിധിയില്ലാത്ത അച്ഛൻ വഴി ( ശ്രീമതം) നൽകുന്നു. അച്ഛൻ ഉയർന്നതിലും ഉയർന്നതാണെങ്കിൽ ആ അച്ഛന്റെ വഴിയും ( ശ്രീമതവും ) ഉയർന്നതിലും ഉയർന്നതായിരിക്കും. ശ്രീമതം എടുക്കുന്നത് ആത്മാവാണ്, നല്ലതും, മോശമായ കർമ്മം ചെയ്യുന്നതും ആത്മാവാണ്. ഈ സമയം ലോകത്തിന് ലഭിക്കുന്നത് രാവണന്റെ വഴിയാണ്. നിങ്ങൾ കുട്ടികൾക്ക് ലഭിക്കുന്നത് രാമന്റെ വഴിയാണ്. രാവണന്റെ അഭിപ്രായത്തിലൂടെ ദയയില്ലാത്തവരായി തെററായ കർമ്മം ചെയ്യുന്നു. ബാബ കുട്ടികക്ക് ശ്രീമതം നൽകുന്നു, നേരായ നല്ല കർമ്മം ചെയ്യൂ. ഏററവും നല്ല കർമ്മം സ്വയം തന്റെ മേൽ ദയ കാണിക്കൂ. നിങ്ങൾ അറിയുന്നുണ്ട് നമ്മൾ ആത്മാവ് സതോപ്രധാനമായിരുന്നു, വളരെ സുഖിയായിരുന്നു, പിന്നീട് രാവണന്റെ അഭിപ്രായം ലഭിച്ചതിലൂടെ തമോപ്രധാനമായി. ഇപ്പോൾ ബാബ വീണ്ടും ശ്രീമതം നൽകുന്നു അതായത് ഒരു ബാബയുടെ ഓർമ്മയിൽ ഇരിക്കൂ. ഇപ്പോൾ സ്വയത്തിന്റെ മേൽ ദയ കാണിക്കൂ, ഈ ശ്രീമതം നൽകുന്നു.

ബാബ ദയ കാണിക്കില്ല. ബാബ ശ്രീമതം നൽകുന്നു അങ്ങനെ - അങ്ങനെ ചെയ്യൂ. തന്റെ മേൽ സ്വയം ദയ കാണിക്കൂ. സ്വയം ആത്മാവ് എന്ന് മനസ്സിലാക്കി തന്റെ പതീത - പാവനനായ അച്ഛനെ ഓർമ്മിക്കൂ എങ്കിൽ നിങ്ങൾ പാവനമാകും. നിങ്ങൾക്ക് എങ്ങനെ പാവനമാകാം ഇതിനുള്ള നിർദ്ദേശം ബാബ നൽകുന്നു. ബാബ തന്നെയാണ് പതീതരെ പാവനമാക്കുന്നവൻ. ആ ബാബ ശ്രീമതം നൽകുന്നു. ഒരുപക്ഷേ ആ ബാബയുടെ ശ്രീമതമസരിച്ച് നടന്നില്ലായെങ്കിൽ തന്റെ മേൽ ദയയില്ലായ്മ കാണിക്കുന്നു. ബാബ ശ്രീമതം നൽകുന്നു കുട്ടികളേ സമയം നഷ്ടപ്പെടുത്തരുത്. നമ്മൾ ആത്മാവാണ് ഈ പാഠം പക്കയാക്കൂ. ശരീര നിർവ്വാഹണാർത്ഥം ജോലിയും മററും ചെയ്ത് അതിൽ നിന്നും സമയം കണ്ടെത്തി യുക്തി രചിക്കൂ. കർമ്മം ചെയ്തുകൊണ്ടും ആത്മാവിന്റെ ബുദ്ധി ബാബയുടെ ഭാഗത്തായിരിക്കണം. ഏതുപോലെ പ്രിയതമനും - പ്രിയതമയും കർമ്മം ചെയ്യുന്നുണ്ടല്ലോ. രണ്ടുപേരും പരസ്പരം പ്രിയമുള്ളവരാണ്. ഇവിടെ അങ്ങനെയല്ല. നിങ്ങൾ ഭക്തിമാർഗത്തിലും ഓർമ്മിച്ചിരുന്നു. ചിലർ ചോദിക്കും എങ്ങനെ ഓർമ്മിക്കും? ഓർമ്മിക്കുന്നതിന് ആത്മാവിന്റെയും, പരമാത്മാവിന്റെയും രൂപമെന്താണ് ? എന്തുകൊണ്ടെന്നാൽ പരമാത്മാവ് നാമ - രൂപത്തിൽ നിന്ന് വേറിട്ടവൻ എന്ന് ഭക്തിമാർഗത്തിൽ പാടുന്നു. പക്ഷേ അങ്ങനെയല്ല. പറയുന്നുണ്ട് ഭൃകുടീ മദ്ധ്യത്തിൽ ആത്മാവ് നക്ഷത്രത്തെപ്പോലെ തിളങ്ങുന്നു, പിന്നീട് ആത്മാവ് എന്താണ്, അതിനെ കാണുവാൻ കഴിയില്ല എന്ന് എന്തുകൊണ്ട് പറയുന്നു. അത് അറിയേണ്ട വസ്തുവാണ്. ആത്മാവിനേയും അറിയുന്നു, പരമാത്മാവിനേയും അറിയുന്നു. അത് അതിസൂക്ഷ്മമായ വസ്തുവാണ്. മിന്നാമിനുങ്ങിനേക്കാളും സൂക്ഷ്മം. ശരീരത്തിൽ നിന്ന് എങ്ങനെ പോകുന്നു, അറിയുവാനേ കഴിയില്ല. ആത്മാവുണ്ട്, സാക്ഷാൽക്കാരവും ഉണ്ടാകുന്നു. ആത്മാവിന്റെ സാക്ഷാൽക്കാരം ഉണ്ടായി, പക്ഷേ എന്താ ? അത് നക്ഷത്രം പോലെ സൂക്ഷ്മമാണ്. സ്വയത്തെ ആത്മാവ് എന്ന് മനസ്സിലാക്കി ബാബയെ ഓർമ്മിക്കൂ. ഏതുപോലെ ആത്മാവ്, അതുപോലെ പരമാത്മാവും ആത്മാവാണ്. പക്ഷേ പരമാത്മാവിനെ പറയുന്നത് - സുപ്രീം സോൾ . ജനന - മരണത്തിൽ വരുന്നുമില്ല. ആരാണോ ജനന - മരണ രഹിതൻ അവരെയാണ്, പരമമെന്ന് പറയുന്നത്. ബാക്കി മുക്തിധാമിൽ എല്ലാവർക്കും പവിത്രമായി പോകണം. അതിലും നമ്പർവാറാണ്, ചിലർക്ക് ഹീറോ - ഹീറോയിൻ പാർട്ടാണ്. ആത്മാക്കൾ നമ്പർവാറാണല്ലോ. നാടകത്തിലും ചിലർ വളരെ സമ്പാദിക്കുന്നു, ചിലർ കുറച്ച് സമ്പാദിക്കുന്നു. ലക്ഷ്മി - നാരായണന്റെ ആത്മാവിനെ മനുഷ്യാത്മാക്കളിൽ സുപ്രീമെന്ന് പറയുന്നു. എല്ലാവരും പവിത്രമാകുന്നു, പക്ഷേ പാർട്ട് നമ്പർവാറാണ്. ചിലർ മഹാരാജാവ്, ചിലർ ദാസി, ചിലർ പ്രജ. നിങ്ങൾ അഭിനേതാക്കളാണ്. എല്ലാ ദേവതമാരും

നമ്പർവാറാണ്. നല്ല പുരുഷാർത്ഥം ചെയ്യൂ, ഉയർന്ന ആത്മാവാകൂ, ഉയർന്ന പദവി നേടൂ.നമ്മൾ 84 – ജന്മം എങ്ങനെ എടുത്തു ഈ സ്മൃതി നിങ്ങൾക്ക് വരാറുണ്ട്. ഇപ്പോൾ ബാബയുടെ അടുത്ത് പോകണം. കുട്ടികൾക്ക് ഈ സന്തോഷവും, ലഹരിയുമുണ്ട്. എല്ലാവരും പറയും നമ്മൾ നരനിൽ നിന്ന് നാരായണൻ വിശ്വത്തിന്റെ അധികാരിയാകും. എങ്കിൽപിന്നെ അങ്ങനെയുള്ള പുരുഷാർത്ഥം ചെയ്യണം. പുരുഷാർത്ഥം അനുസരിച്ച് നമ്പർവാർ പദവി ലഭിക്കുന്നു. എല്ലാവർക്കും നമ്പർവാർ പാർട്ട് ലഭിച്ചിരിക്കുന്നു. ഈ ഡ്രാമ ഉണ്ടായതും – ഉണ്ടാക്കപ്പെട്ടതുമാണ്.

ഇപ്പോൾ ബാബ നിങ്ങൾക്ക് ശ്രേഷ്ഠ മതം നൽകുന്നു. ബാബയെ ഓർമ്മിക്കൂ എങ്കിൽ വികർമ്മം വിനാശമാകും, അങ്ങനെ നിങ്ങൾ തമോപ്രധാനത്തിൽ നിന്ന് സതോപ്രധാനമാകൂ. പാപഭാരം ശിരസ്സിൽ വളരെ ഉണ്ട്. അതിനെ എങ്ങനെയായാലും ഇവിടെ ഇല്ലാതാക്കണം അപ്പോൾ ആത്മാവ് പവിത്രമാകും. തമോപ്രധാനമായതും നിങ്ങൾ ആത്മാവാണ് അതിനാൽ സതോപ്രധാനവും ആത്മാവിനാകണം. ഈ സമയം ഏററവും ദരിദ്രം ഭാരതമാണ്. ഈ കളിയും ഭാരതത്തിന്റെ മേൽ തന്നെയാണ്. ബാക്കി മററുള്ളവർ കേവലം ധർമ്മം സ്ഥാപിക്കുന്നതിന് വേണ്ടി വരുന്നു. പുനർജന്മം എടുത്തെടുത്ത് അന്തിമത്തിൽ എല്ലാവരും തമോപ്രധാനമാകുന്നു.നിങ്ങൾ സ്വർഗത്തിന്റെ അധികാരിയാകുന്നു. ഭാരതം എത്ര ഉയർന്നതായിരുന്നു. ഇപ്പോൾ എത്ര ദരിദ്രമാണ്. പാവപ്പെട്ടവരെതന്നെയാണ് എല്ലാവരും സഹായിക്കുന്നത്. ഓരോ കാര്യത്തിലും യാചിച്ചുകൊണ്ടിരിക്കുന്നു. മുമ്പ് വളരെയധികം ധാന്യം ഇവിടുന്ന് കയററിയയച്ചിരുന്നു. ഇപ്പോൾ ദരിദ്രമായി, അതിനാൽ റിട്ടേൺ സർവ്വീസ് നടന്നുകൊണ്ടിരിക്കുന്നു. ഏതൊന്നാണോ കൊണ്ടുപോയത് അത് വായ്പ ലഭിച്ചുകൊണ്ടിരിക്കുന്നു. കൃഷ്ണന്റേയും, ക്രൈസ്റ്റിന്റേയും രാശി ഒന്നുതന്നെയാണ്. ക്രിസ്റ്റ്യൻസ് ഭാരതത്തെ വിഴുങ്ങി. ഇപ്പോൾ ഡ്രാമയനുസരിച്ച് അവർ പരസ്പരം യുദ്ധം ചെയ്യും, വെണ്ണ നിങ്ങൾ കുട്ടികൾക്ക് ലഭിക്കുന്നു. കൃഷ്ണന്റെ വായിൽ വെണ്ണയുണ്ടായിരുന്നു എന്നല്ല. ഇത് ശാസ്ത്രങ്ങളിലാണ് എഴുതിരിക്കുന്നത്. മുഴുവൻ ലോകവും കൃഷ്ണന്റെ കൈയിൽ വരുന്നു. മുഴുവൻ വിശ്വത്തിന്റെ അധികാരി നിങ്ങൾ ആയിത്തീരുന്നു. നിങ്ങൾ കുട്ടികൾ അറിയുന്നുണ്ട് നമ്മൾ മുഴുവൻ വിശ്വത്തിന്റേയും അധികാരിയാകുന്നു അപ്പോൾ എത്ര സന്തോഷമുണ്ടാകണം. നിങ്ങളുടെ ഓരോ ചുവടിലും കോടികളാണ്. കേവലം ഒരു ലക്ഷ്മി – നാരായണന്റെ രാജ്യമായിരുന്നില്ല. രാജധാനിയായിരുന്നല്ലോ. ഏതുപോലെ രാജാ – റാണി അതുപോലെ പ്രജ – എല്ലാവരുടേയും ചുവടുകളിൽ കോടികൾ ആണ്. അവിടെ എണ്ണിയാലൊ ടുങ്ങാത്തത്ര ധനമുണ്ട്. ധനത്തിന് വേണ്ടി യാതൊരു പാപകർമ്മവും ചെയ്യില്ല, അത്രമാത്രം ധനം ഉണ്ട്. അള്ളാഹു – അലാവുദ്ദീന്റെ കഥ കാണിക്കുന്നുണ്ടല്ലോ. അള്ളാഹു അലാവുദ്ദീൻ അഥവാ ദേവീ – ദേവതാ ധർമ്മം സ്ഥാപിക്കുന്നു. സെക്കന്റിൽ ജീവൻ മുക്തി നൽകുന്നു. സെക്കന്റിൽ സാക്ഷാൽകാരം ഉണ്ടാകുന്നു. കുബേരന്റെ ഖജനാവ് കാണിക്കുന്നു. മീര സാക്ഷാത്ക്കാരത്തിൽ കൃഷ്ണനോടൊപ്പം ഡാൻസ് ചെയ്തു. അത് ഭക്തി മാർഗമാണ്. ഇവിടെ ഭക്തിയുടെ കാര്യമില്ല. നിങ്ങൾ പ്രാക്ടിക്കലിൽ വൈകുണ്ഡത്തിലേക്ക് പോയി രാജ്യം ഭരിക്കുന്നു. ഭക്തി മാർഗത്തിൽ കേവലം സാക്ഷാത്കാരം ഉണ്ടാകുന്നു. ഈ സമയം നിങ്ങൾ കുട്ടികൾക്ക് ലക്ഷ്യത്തിന്റെ സാക്ഷാൽകാരം ഉണ്ടാകുന്നു, അറിയുന്നു നമ്മൾ ഇതായിത്തീരും. കുട്ടികൾ മറന്നു പോകുന്നു അതിനാൽ ബാഡ്ജ് നൽകുന്നു. ഇപ്പോൾ നമ്മൾ പരിധിയില്ലാത്ത അച്ഛന്റെ കുട്ടികളായി, എത്ര സന്തോഷമുണ്ടായിരിക്കണം. ഇത് ഇടക്കിടെ പക്കയാക്കണം. പക്ഷേ മായ എതിർക്കുന്നതു കാരണം ആ സന്തോഷം നഷ്ടപ്പെടുന്നു. ബാബയെ ഓർമ്മിച്ചുകൊണ്ടിരിക്കൂ എങ്കിൽ ബാബ നമ്മളെ വിശ്വത്തിന്റെ അധികാരിയായിമാറും ഈ ലഹരി ഉണ്ടായിരിക്കും. കേവലം മായ മറവിപ്പിക്കുന്നതു കാരണം വികർമ്മം ഉണ്ടാകുന്നു. നിങ്ങൾ കുട്ടികൾക്ക് സ്മൃതിയുണ്ട് – നമ്മൾ 84 – ജന്മം എടുത്തു, മറ്റാരും 84 – ജന്മം എടുക്കുന്നില്ല. ഇതും മനസ്സിലാക്കണം – എത്ര നമ്മൾ ഓർമ്മിക്കുന്നുവോ അത്രയും നമ്മൾ ഉയർന്ന പദവി നേടും, പിന്നീട് തനിക്ക് സമാനമാക്കണം, പ്രജകളെ തയ്യാറാക്കണം. ഔദാര്യം വീട്ടിൽ നിന്ന് ആരംഭിക്കണം. തീർത്ഥയാത്ര ആദ്യം സ്വയം പോകുന്നു, പിന്നീട് മിത്ര – സംബന്ധികളെ കൊണ്ടുപോകുന്നു. അതുപോലെ നിങ്ങളും വളരെ സ്നേഹത്തോടെ എല്ലാവർക്കും മനസ്സിലാക്കികൊടുക്കൂ. പക്ഷേ എല്ലാവരും മനസിലാക്കില്ല. ഒരു വീട്ടിൽ തന്നെ അച്ഛൻ മനസ്സിലാക്കും, കുട്ടി മനസ്സിലാക്കുന്നില്ല. അച്ഛനും – അമ്മയും എത്രതന്നെ ഈ പഴയ ലോകത്ത് നിന്ന് ഹൃദയം മാററൂ എന്ന് കുട്ടിയോട് പറഞ്ഞാലും അംഗീകരിക്കില്ല. ശല്യപ്പെടുത്തിക്കൊണ്ടിരിക്കും. ആരാണോ ഇവിടത്തെ തൈ അവർ വന്ന് മനസ്സിലാക്കും. ധർമ്മ സ്ഥാപകർ മുകളിൽ നിന്ന് വരുന്നു . അവരുടെ അനുയായികളും വന്നുകൊണ്ടിരിക്കുന്നു. ബാബ സ്ഥാപനയും ചെയ്യുന്നു, പിന്നീട് പാവനമാക്കി എല്ലാവരേയും തിരിച്ചുകൊണ്ടുപോകുന്നു. അതിനാൽ ബാബയെ സദ്ഗുരു, മുക്തിദാതാവ് എന്ന് പറയുന്നു . സത്യമായ ഗുരു ഒന്നാണ്. മനുഷ്യർ ആരുടേയും സദ്ഗതി ചെയ്യുന്നില്ല. സദ്ഗതി ദാതാവ് ഒരേയൊരു ബാബയാണ്, ആ ബാബ തന്നെയാണ് സദ്ഗുരു. ആ ബാബ ഭാരതത്തെ സത്യഖണ്ഡമാക്കുന്നു. രാവണൻ അസത്യ ഖണ്ഡമാക്കുന്നു. ബാബയെക്കുറിച്ചും, ദേവതമാരെക്കുറിച്ചും അസത്യമെന്ന് പറയുന്നു. അതിനാൽ ബാബ

പറയുന്നു മോശമായത് കേൾക്കരുത് .......................... . ഇത് വേശ്യാലയമാണ്. സത്യയുഗം ശിവാലയമാണ്. മനുഷ്യർ പക്ഷേ ഇത് മനസ്സിലാക്കുന്നില്ല. അവർ അവരുടെ വഴിയിലൂടെ നടക്കുന്നു. എത്ര ലഹള – വഴക്ക് എല്ലാം നടക്കുന്നു. കുട്ടികൾ അമ്മയെ, പതി പത്നിയെ കൊല്ലുന്നതിന് പോലും താമസമില്ല. പരസ്പരം വേദന കൊടുക്കുന്നു. അച്ഛന്റെ അടുത്ത് ഒരുപാട് സമ്പത്തുണ്ട്, മകന് കൊടുക്കുന്നില്ലായെങ്കിൽ അച്ഛനെ വകവരുത്തുവാൻ പോലും താമസമില്ല. എത്ര മോശമായ ലോകമാണിത്. ഇപ്പോൾ നിങ്ങൾ ആരായി മാറുന്നു. നിങ്ങളുടെ ലക്ഷ്യം മുന്നിലുണ്ട്. നിങ്ങൾ കേവലം പറഞ്ഞിരുന്നു അല്ലയോ പതീത – പാവനാ വന്ന് ഞങ്ങളെ പാവനമാക്കൂ. ഒരിക്കലും വിശ്വത്തിന്റെ അധികാരിയാക്കൂ എന്ന് പറഞ്ഞിരുന്നില്ല. ഈശ്വരൻ സ്വർഗം സ്ഥാപിക്കുകയാണെങ്കിൽ നമ്മൾ എന്തുകൊണ്ടാണ് ആ സ്വർഗത്തിൽ ഇല്ലാത്തത്. പിന്നീട് രാവണൻ നമ്മളെ നരകവാസിയാക്കുന്നു. കൽപത്തിന്റെ ആയുസ്സ് ലക്ഷക്കണക്കിനാണ് എന്ന് പറഞ്ഞതിലൂടെ മറന്നുപോയി. ബാബ പറയുന്നു നിങ്ങൾ സ്വർഗത്തിന്റെ അധികാരിയായിരുന്നു. ഇപ്പോൾ ചക്രം കറങ്ങി നരകത്തിന്റെ അധികാരിയായി. ഇപ്പോൾ വീണ്ടും ബാബ നിങ്ങളെ സ്വർഗത്തിന്റെ അധികാരിയാക്കുന്നു. പറയുന്നു, മധുരമായ ആത്മാക്കളേ, കുട്ടികളേ ബാബയെ ഓർമ്മിക്കൂ എങ്കിൽ തമോപ്രധാനത്തിൽ നിന്ന് സതോപ്രധാനമാകും. തമോപ്രധാനമാകുന്നതിന് അരകൽപം എടുത്തു, പക്ഷേ മുഴുവൻ കൽപമെന്ന് പറയാം എന്തുകൊണ്ടെന്നാൽ കല കുറഞ്ഞ് വരുന്നു. ഈ സമയം യാതൊരു കലയുമില്ല. പറയുന്നു ഞാൻ നിർഗുണ മാലയാണ്,എന്നിൽ യാതൊരു ഗുണവുമില്ല, ഇതിന്റെ അർത്ഥം തന്നെ എത്ര ക്ലീയറാണ്. ഇവിടെ നിർഗുണ ബാലകരുടെ സഭ പോലുമുണ്ട്. ബാലകരിലും യാതൊരു ഗുണവുമില്ല. ബാലകരെ മഹാത്മാവിനേക്കാളും ഉയർന്നതെന്ന് പറയുന്നു, കാരണം അവർക്ക് വികാരത്തെ ക്കുറിച്ചുപോലും അറിയില്ല. മഹാത്മാക്കൾക്ക് വികാരത്തെക്കുറിച്ചറിയാം, അപ്പോൾ ഈ വാക്ക് പോലും എത്ര തെററാണ്. മായ പൂർണ്ണമായും അധാർമ്മികമാക്കി. ഗീതാ പാരായണം ചെയ്യുന്നു . കാമവികാരം മഹാശത്രു, അത് ആദി – മദ്ധ്യ – അന്ത്യം ദു:ഖം നൽകുന്നു ഇത് ഭഗവാനുവാച എന്ന് പറയുന്നു, പക്ഷേ എന്നിട്ടും പവിത്രമാകുന്നതിൽ എത്ര വിഘ്നങ്ങൾ ഇടുന്നു. കുട്ടി വിവാഹം കഴിക്കുന്നില്ലായെങ്കിൽ എത്ര എതിർപ്പാണ്. ബാബ പറയുന്നു നിങ്ങൾ കുട്ടികൾക്ക് ശ്രീമതത്തിലൂടെ നടക്കണം. ആരാണോ പുഷ്പമാകാത്തത്, അവർ എത്ര മനസ്സിലാക്കി കൊടുത്താലും അംഗീകരിക്കില്ല. എവിടെയെല്ലാം മക്കൾ പറയുന്നുവോ, ഞങ്ങൾ വിവാഹം കഴിക്കുന്നില്ല, അപ്പോൾ അമ്മയും – അച്ഛനും എത്ര ബുദ്ധിമുട്ടുക ളാണ് ഉണ്ടാക്കുന്നത്. ബാബ പറയുന്നു ജ്ഞാന യജ്ഞം രചിക്കുമ്പോൾ അനേക പ്രകാരത്തിലുള്ള വിഘ്നവും ഉണ്ടാക്കുന്നു. മൂന്നടി മണ്ണുപോലും നൽകില്ല. നിങ്ങൾ കേവലം ബാബയുടെ ശ്രീമതത്തിലൂടെ ഓർമ്മിച്ച് പവിത്രമാകൂ, ബാക്കി യാതൊരു ബുദ്ധിമുട്ടുമില്ല. കേവലം തന്നെ ആത്മാവ് എന്ന് മനസ്സിലാക്കി ബാബയെ ഓർമ്മിക്കൂ. ഏതുപോലെ നിങ്ങൾ ആത്മാവ് ഈ ശരീരത്തിൽ അവതരിച്ചിരിക്കുന്നു, അതുപോലെ ബാബയും അവതരിച്ചിരിക്കുന്നു. പിന്നെ മൽസ്യ, കൂർമ്മ അവതാരം എങ്ങനെ ഉണ്ടായി. എത്ര നിന്ദിച്ചു. കണ – കണത്തിൽ പോലും ഭഗവാൻ ഉണ്ടെന്ന് പറയുന്നു. ബാബയേയും, ദേവതമാരേയും നിന്ദിക്കുന്നു. ബാബക്ക് വരിക തന്നെ വേണം, വന്ന് നിങ്ങൾ കുട്ടികൾക്ക് സമ്പത്ത് നൽകണം. ബാബ സമ്പത്ത് നൽകുന്നു, രാവണൻ ശാപം നൽകുന്നു. ഇത് കളിയാണ്. ആരാണോ ശ്രീമതമനുസരിച്ച് നടക്കാത്തത് മനസ്സിലാക്കുവാൻ കഴിയും അവരുടെ ഭാഗ്യം അത്രയും ഉയർന്നതല്ല. ഭാഗ്യശാലികൾ അതി രാവിലെ എഴുന്നേററ് ഓർമ്മിക്കും, ബാബയോട് സംസാരിക്കും . സ്വയത്തെ ആത്മാവ് എന്ന് മനസ്സിലാക്കി ബാബയെ ഓർമ്മിക്കൂ എങ്കിൽ വികർമ്മം വിനാശമാകും. സന്തോഷത്തിന്റെ അളവ് വർദ്ധിക്കും. ആരാണോ പാസ് വിത്ത് ഓണറാവുന്നത് അവർ രാജപദവിക്ക് അർഹരാകുന്നു. കേവലം ഒരു ലക്ഷ്മി – നാരായണനല്ല രാജ്യം ഭരിക്കുന്നത്, വംശാവലിയാണ്. ഇപ്പോൾ ബാബ പറയുന്നു നിങ്ങൾ എത്ര സ്വച്ഛ ബുദ്ധിയുള്ളവരാണ്. ഇത് സത്സംഗമാണ് . ഒരു സത്സംഗമേ ഉള്ളൂ. ബാബ സത്യ – സത്യമായ ജ്ഞാനം നൽകി സത്യഖണ്ഡത്തിന്റെ അധികാരിയാക്കുന്നു. കൽപത്തിന്റെ സംഗമത്തിലാണ് സത്യമായ കൂട്ട് ലഭിക്കുന്നത്. സ്വർഗത്തിൽ യാതൊരു പ്രകാരത്തിലുമുള്ള സത്സംഗവുമില്ല.

ഇപ്പോൾ നിങ്ങൾ ആത്മീയ രക്ഷാസേനയാണ്. നിങ്ങൾ വിശ്വത്തിന്റെ തോണി അക്കരെ എത്തിക്കുന്നു. നിങ്ങളെ രക്ഷിക്കുന്നതും ശ്രീമതം നൽകുന്നതും ബാബയാണ്. നിങ്ങളുടെ മഹിമ വളരെ ഉയർന്നതാണ്. ബാബയുടെ മഹിമ, ഭാരതത്തിന്റെ മഹിമ അപരംഅപാരമാണ്. നിങ്ങൾ കുട്ടികളുടെ മഹിമയും അപരമപാരമാണ്. നിങ്ങൾ ബ്രഹ്മാണ്ഡത്തിന്റേയും, വിശ്വത്തിന്റേയും അധികാരിയാകുന്നു. ബാബ കേവലം ബ്രഹ്മാണ്ഡത്തിന്റെ അധികാരിയാണ്. നിങ്ങൾക്ക് ഡബിൾ പൂജ ലഭിക്കുന്നു. ഡബിൾ പൂജ ലഭിക്കുന്നതിന് ബാബ ദേവതയാകുന്നില്ല. നിങ്ങളും നമ്പർവാറായി മനസ്സിലാക്കുന്നു, സന്തോഷത്തോടെ പുരുഷാർത്ഥവും ചെയ്യുന്നു. പഠിത്തത്തിൽ വളരെ വ്യത്യാസമുണ്ട്. സത്യയുഗത്തിൽ ലക്ഷ്മി – നാരായണന്റെ രാജ്യമാണ്. അവിടെ മന്ത്രിയുടെ ആവശ്യമില്ല. ലക്ഷ്മി – നാരായണൻ, അവരെ ഭഗവാൻ – ഭഗവതി എന്ന് പറയുമ്പോൾ അവർക്ക് മന്ത്രിയുടെ നിർദ്ദേശം എന്തിന് ? എപ്പോൾ പതീത രാജാവാകുന്നുവോ അപ്പോൾ മന്ത്രിയേയും,

മററും വരുന്നു. ഇപ്പോൾ പ്രജകളെ പ്രജകൾ ഭരിക്കുകയാണ്. നിങ്ങൾ കുട്ടികൾക്ക് ഈ പഴയ ലോകത്തിനോട് വൈരാഗ്യമാണ്. ജ്ഞാനം, ഭക്തി, വൈരാഗ്യം. ജ്ഞാനം കേവലം ആത്മീയ അച്ഛനല്ലാതെ മററാർക്കും പഠിപ്പിക്കുവാൻ കഴിയില്ല. ബാബ തന്നെയാണ് പതീത – പാവനൻ, സർവ്വരുടേയും സത്ഗതി ദാതാവ്. ശരി

വളരെക്കാലത്തെ വേർപാടിനുശേഷം തിരിച്ചു കിട്ടിയ മധുരമധുരമായ സന്താനങ്ങൾക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹ സ്മരണകളും പുലർകാല വന്ദനവും.ആത്മീയ പിതാവിന്റെ ആത്മീയ കുട്ടികൾക്ക് നമസ്കാരം.

### ധാരണക്കായുള്ള മുഖ്യ സാരം :-

1) ബാബയെ ഓർമ്മിക്കുന്നതിനോടൊപ്പം തനിക്ക് സമാനമാക്കുന്ന സേവനവും ചെയ്യണം. ഔദാര്യം വീട്ടിൽ നിന്ന് ആരംഭിക്കണം... എല്ലാവർക്കും സ്നേഹത്തോടെ മനസ്സിലാക്കി കൊടുക്കണം.

2) ഈ പഴയ ലോകത്തിനോട് പരിധിയില്ലാത്ത വൈരാഗിയാകണം. മോശമായത് കേൾക്കരുത്,മോശമായത കാണരുത്....... പരിധിയില്ലാത്ത ബാബയുടെ കുട്ടികളായ നമ്മൾക്ക് ബാബ കുബേരന്റെ ഖജനാവ് നൽകുന്നു, ഈ സന്തോഷത്തിൽ ഇരിക്കണം.

## വരദാനം-ഓരോ സങ്കൽപങ്ങളേയും,വാക്കിനേയും,കർമ്മത്തേയും ഫലദായകമാക്കി മാറ്റുന്ന ആത്മീയ പ്രഭാവശാലികളായി ഭവിക്കട്ടെ.

എപ്പോഴെങ്കിലും മറ്റാരുടെയെങ്കിലും സമ്പർക്കത്തിൽ വരികയാണെങ്കിൽ അവരെക്കുറിച്ചുള്ള മനസ്സിന്റെ ഭാവന സ്നേഹം,സഹയോഗം,മംഗളം എന്നിവയുടെ പ്രഭാവം നിറഞ്ഞതാകട്ടെ.ഓരോ വാക്കും ആർക്കെങ്കിലുമൊക്കെ ധൈര്യം നൽകുന്ന പ്രഭാവശാലിയാകട്ടെ,സാധാരണ സംസാരത്തിൽ സമയം പോകാതിരിക്കട്ടെ.ഇങ്ങിനെ ഒരോ കർമ്മവും-അത് സ്വയത്തെ പ്രതിയാണെങ്കിലും,മറ്റുള്ളവരെ പ്രതിയാണെങ്കിലും ഫലദായകമാകട്ടെ.പരസ്പരം ഓരോ രൂപത്തിലും പ്രഭാവശാലികളായി മാറണം.സേവനങ്ങളിൽ ആത്മീയ പ്രഭാവശാലികളാകൂ അപ്പോഴേ ബാബയെ പ്രത്യക്ഷമാക്കാനുള്ള നിമിത്തമായി മാറാൻ കഴിയുകയുള്ളൂ.

## സ്ലോഗൻ-താങ്കളുടെ കിരണങ്ങൾ വിശ്വത്തെ മുഴുവൻ പ്രകാശമാനമാക്കട്ടെ,അങ്ങിനെയുള്ള ശുഭചിന്തകമണികളായി മാറൂ.

**അവ്യക്തസൂചന-സങ്കൽപശക്തിയെ ശേഖരിച്ച് ശ്രേഷ്ട സേവനങ്ങൾക്ക് നിമിത്തമാകൂ.**

സമയമനുസരിച്ച് ശീതളതയുടെ ശക്തിയിലൂടെ ഓരോ പരിതസ്ഥിതിയിലും തന്റെ സങ്കൽപങ്ങളുടെ ഗതിയേയും വാക്കുകളേയും ശീതളവും ,ധൈര്യമുള്ളതുമാക്കി മാറ്റൂ.സങ്കൽപങ്ങളുടെ വേഗത കൂടുതലാണെങ്കിൽ വളരെയധികം സമയം വ്യർത്ഥമായിപ്പോകും.അവയെ നിയന്ത്രിക്കാൻ കഴിയില്ല.അതിനാൽ ശീതളതയുടെ ശക്തിയെ ധാരണ ചെയ്യുകയാണെങ്കിൽ വ്യർത്ഥത്തിൽ നിന്നും രക്ഷപ്പെടാനാകും എന്ത്,എന്തുകൊണ്ട്,ഇങ്ങിനെയല്ല അങ്ങിനെ.. എന്നിങ്ങനെയുള്ള വ്യർത്ഥത്തിന്റെ സ്പീഡിൽ നിന്നും രക്ഷപ്പെടാനാകും.